# തളിര്



ഡിജിറ്റൽ മാഗസിൻ

ജി എച്ച് എസ് എസ് വെറ്റിലപ്പാറ

KERALA INFRASTRUCTURE AND TECHNOLOGY FOR EDUCATION

little KITEs

# തളിര്




## ഗവൺമെന്റ് ഹയർസെക്കന്ററി സ്കൂൾ

## വെറ്റിലപ്പാറ

Email – ghss vettilappara @yahoo.com Ph:0480-2769045

# എഡിറ്റോറിയൽ ബോർഡ്

## ചീഫ് എഡിററർ

ആദർശ് ഇ എസ്

## അംഗങ്ങൾ

പ്രവീൺ

അക്ഷയ് സി എം

മിഥുൻ

ശിബിര

അഭിരാമി

## കവർ ഡിസൈൻ

രമേഷ് ജി

# ലിറ്റിൽ കൈറ്റ് അംഗങ്ങൾ

## 2019-20



# ആശംസകളോടെ

പ്രിയപ്പെട്ട വിദ്യാർത്ഥികളെ ...............

പഠനത്തോടൊപ്പം

കുരുന്ന ഹൃദയങ്ങളിൽ ഭാവനകൾ

വികസിപ്പിക്കുന്നതിനും സർഗവാസനകൾ

വളർത്തുന്നതിനും നടത്തുന്ന

ശ്രമങ്ങൾ  വിജയിക്കട്ടെ.......

ഇത്തരം ഒരു സംരഭത്തിന്

മുന്നിട്ടിറങ്ങിയ അദ്ധ്യാപകർക്കും

വിദ്യാർത്ഥികൾക്കും പ്രത്യേകിച്ച്

കൈറ്റ്  അംഗങ്ങൾക്കും എന്റെ

വിജയാശംസകൾ.........

റൈനി റാഫി

പി.ടി.എ.പ്രസിഡന്റ്

# സന്ദേശം

ഇന്ന് പൊതുവിദ്യായങ്ങൾ മികവിന്റെ കേന്ദ്രങ്ങളായും, ക്ലാസ്സ് മുറികൾ ഹൈടെക് ആയും മാറി കഴിഞ്ഞു.പൊതുവിദ്യാഭ്യാസ സംരക്ഷണ യഞ്ജത്തിന്റെ ഭാഗമായി സ്കൂളുകളിൽ ലിറ്റിൽ കൈറ്റ്സ് രുപികൃതമായി.ഇതിലൂടെ കുട്ടികൾക്ക് അനിമേഷൻ,കമ്പ്യൂട്ടിംഗ്,പ്രോഗ്രാമിങ്ങ്,ഫോട്ടോഗ്രാഫി തുടങ്ങിയ വൈവിധ്യമാർന്ന മേഖലകളിൽ പരിശീലനം നൽകി വരുന്നു.ലിറ്റിൽ കൈറ്റ്സിന്റെ ഭാഗമായി നമ്മുടെ വിദ്യാർത്ഥികളുടെ സൃഷ്ടികൾ ഉൾപ്പെടുത്തി തയ്യാറാക്കുന്ന ഈ മാഗസിന് എന്റെ എല്ലാവിധ ഭാവുകങ്ങളും നേരുന്നു.

സ്നേഹപൂർവ്വം

അച്യുതകുമാർ എഴുത്തച്ചൻ
ഹെഡ് മാസ്റ്റർ
ജിഎച്ച്എസ്എസ്
വെറ്റിലപ്പാറ

# എഡിറ്റോറിയൽ

കളിചിരികളുടെ ലോകത്ത് ഞങ്ങൾ

അനുഭവിച്ച ......

കേട്ടറിഞ്ഞ.... വിസ്മയങ്ങൾ,

ഞങ്ങൾക്ക് നൽകിയ സന്തോഷങ്ങൾ

നൊമ്പരങ്ങൾ,നഷ്ടങ്ങൾ,ഓർമ്മകൾ.....

കോർത്തിണക്കി രുലിക രുമ്പിൽ നിന്ന്

താളുകളിലേക്ക് പകരാൻ ...............

അക്ഷരങ്ങൾക്ക് നിറമേകാൻ ഞങ്ങൾ ശ്രമിച്ചിട്ടുണ്ട്.

കുരുന്നു ഭാവനയുടെ ഈ കൊച്ചു ഈ സമാഹാരം

ഞങ്ങൾ കുട്ടിക്കൂട്ടം ഹൃദയപൂർവ്വം നിങ്ങൾക്കായി

സമർപ്പിക്കട്ടെ

ആദർശ് ഇ എസ്

S T D IX

ചീഫ്എഡിറ്റർ



താളുകളിലൂടെ ..........

മികച്ച നേട്ടം

ജീവിതം - കവിത

സസ്യങ്ങൾ ഭൂമിയുടെ ശ്വാസകോശങ്ങൾ - ഉപന്യാസം

മികവുകൾ, പ്രവർത്തനങ്ങൾ

വിടരുന്ന മോഹങ്ങൾ - കഥ

സന്ധ്യ - കവിത

അമ്മ- കവിത

# നേട്ടം

## മാതൃഭൂമി സീഡ് ക്ലബിന്റെ മികച്ച  കോഡിനേറ്റർ

## ശ്രീമതി ലിജി ഐ ആർ



# ജീവിതം

ഒടുക്കുവാനാകാതെ ഈ നാളുകൾ

കനൽ വീണ രാത്രികൾ

ആരും കാണാതെ ........

മിന്നാമിനുങ്ങിൻ ഒരു നറുങ്ങുവെട്ടം

അകലെ കാണുന്നുവോ

തളിർക്കുമോ വീണ്ടുമീ ജീവിതം .......

ഇരുൾ വീഴും ഇടനാഴിയിൽ

പതിയുന്നുവോ ഒരു പാദ സ്പർശം .......

തളരാതെ ഇടറാതെ

തളിരിടും എൻ കനവുകൾ ......

പതറില്ല ഒരു നാളും

നിൻ വിരൽ തുമ്പൊന്ന്

നീട്ടുമെങ്കിൽ ......

അക്ഷയ പ്രതാപൻ

ST D X

# സസ്യങ്ങൾ ഭൂമിയുടെ ശ്വാസകോശങ്ങൾ

നാം ജീവിക്കുന്ന ചുറ്റുപാടിന്റെ ആരോഗ്യം കാത്തുരക്ഷിക്കുന്നതിൽ വനങ്ങൾക്ക്സുപ്രധാനപങ്കാണുള്ളത്കുടിക്കാനുള്ള ശുദ്ധജലം,ശുദ്ധവായു,അന്തരീക്ഷതാപനിലയിലെക്രമീകരണം,കാലാവസ്ഥ നിർണയം,നമ്മുടെ ആഹാരത്തിന്റെ സ്രോതസായ കൃഷിയുടെ പരിപാലനം തുടങ്ങി ജീവൻ നിലനിർത്തുന്നതിനുള്ള ഓരോ നിർണ്ണായക ഘട്ടത്തിലും



വനങ്ങളാണ് നമ്മുടെ കരുതൽ. വനത്തിലെ സസ്യങ്ങൾ ഭൂമിയുടെ ശ്വാസകോശങ്ങളാണ്. ജീവലോകത്തിന്റെ നിലനിൽപിന് സസ്യങ്ങൾ ചെയ്യുന്ന സേവനം നിസ്തുലമാണ്. ഏറ്റവും ചിലവ് കുറഞ്ഞതും ഫലപ്രദവും സ്വാഭാവികവുമായ വായു ശുദ്ധീകരണ സംവിധാനമാണ് സസ്യങ്ങൾ.

അന്തരീക്ഷത്തിൽ നിന്നും കാർബൺഡൈ ഓക്സൈഡ് ആഗീരണം ചെയ്യുകയും ഓക്സിജൻ പുറത്തുവിടുകയും ചെയ്യുന്നതിലൂടെ വിലമതിക്കാനാവാത്തസേവനമാണ് സസ്യങ്ങൾ ജീവലോകത്തിന് ചെയ്യുന്നത്.ഭൂമിയിൽ സസ്യാവരണം കുറയുന്നതിനനുസരിച്ച് ഈ പുനഃചംക്രമണം സംവിധാനം ഇല്ലാതാവുകയും വായുമലീനികരണം രൂക്ഷമാവുകയും ചെയ്യുന്നു.അതിനാൽ സസ്യങ്ങളെയും വനങ്ങളെയും സംരക്ഷിക്കേണ്ടത് നമ്മുടെ കടമയാണ്.സസ്യങ്ങൾ മാത്രമല്ല വനങ്ങളിലെ അന്തേവാസികളാണ് ഓരോ വന്യജീവികൾ അത് ജീവിക്കുന്ന ചുറ്റുപാടുകളിൽ അവരുടെതായ ധർമ്മം നിർവഹിക്കുന്നുണ്ട്.സസ്യങ്ങളിലെ പരാഗണം,വിത്തുവിതരണം,കാടിന്റെ തുടർച്ച തുടങ്ങിയവയിൽ മുഖ്യ

പങ്കാണുള്ളത്.

അത് മനുഷ്യനുമുണ്ട്. ധർമ്മം വനത്തെ സംരക്ഷകുക.ഈ ധർമ്മം പലപ്പോഴും മനുഷ്യൻ പാലിക്കാറില്ല.സ്വാഭാവിക പ്രകൃതിയെ നശിപ്പിക്കനാണ് മനുഷ്യൻ ശ്രമിക്കുന്നത്.

വനങ്ങളും വന്യജീവികളെയും നദികളെയും നശിപ്പിക്കുന്നത് പലപ്പോഴും മനുഷ്യരുടെ തെറ്റായ ഇടപെടലുകളാണ്.ഇങ്ങനെ പോയാൽ വരും തലമുറയ്ക്ക് ജീവിക്കാൻ സാധിക്കില്ല.സ്വഭാവിക പ്രകൃതിയുടെ ഭാഗമായ വനങ്ങൾ,തടാകങ്ങൾ,നദികൾ,വന്യജീവികൾ എന്നിവയെ സംരക്ഷിക്കേണ്ടതും പരിപോഷിപ്പിക്കേണ്ടതും നാം ഓരോരുത്തരുടെയും കടമയാണ്.

അഭിജിത്ത്

Std:X



# മികവുകൾ



പോലിസ് സ്റ്റേഷൻ സന്ദർശനം





യോഗ

ഔഷധസസ്യ പ്രദർശനം



കൃഷി



ബോധവൽക്കരണ ക്ലാസ്സുകൾ

# വിടരുന്ന മോഹങ്ങൾ

ചിന്നുവിന്റെ കരച്ചിൽ കേട്ടാണ് ഞാൻ ഉണർന്നത്. നിറയെ വെളുത്ത രോമങ്ങളുള്ള എന്റെ പൂച്ചക്കുട്ടിയാണ് ചിന്നു.പുതപ്പിനുള്ളിൽ നിന്നും കഷ്ടപ്പെട്ട് ഞാൻ കണ്ണു തുറന്നു 'സമയം ആറുമണിയായി'- അമ്മയുടെ ശബ്ദം ....... ഒന്നുകൂടി പുതപ്പ് വലിച്ചിട്ട് ഉറങ്ങാൻ തുടങ്ങുമ്പോഴാണ് അമ്മ കുലുക്കി വിളിച്ചിട്ടു പറഞ്ഞത്. "കണ്ണാ ,നീ വേഗം കുളിച്ച് ഒരുങ്ങാൻ നോക്ക്....പുതിയ സ്കൂളിലേക്ക് പോകേണ്ടതല്ലേ......"ഇതെന്റെ രണ്ടാമത്തെ സ്കൂളാണ്.ഇതുവരെ പഠിച്ച സ്ക്കൂളിൽ ഏഴാം ക്ലാസ്സ് വരെ ഉണ്ടായിരുന്നുള്ളൂ. ഇനി വീടിനടുത്തുള്ള സ്ക്കൂളിലേ പഠിക്കൂ എന്നു എന്റെ നിർബന്ധമായിരുന്നു.......വീണ്ടും അമ്മയുടെ വിളി.ഞാൻ പറഞ്ഞു "അമ്മേ,സ്കൂൾ ഇവിടെ അടുത്തല്ലേ....ഒമ്പതുമണിയാവുമ്പോഴേക്കും എത്തിയാൽ പോരെ"-മറുപടി കേട്ട്അമ്മ അൽപ്പം നീരസത്തോടെ പറഞ്ഞു "വർഷാരംഭമാണ് ..പോരെങ്കിൽ പുതിയ സ്കൂളും വൈകണ്ട..” ഉം..ഞാൻ അലസമായി മൂളി..കണ്ണുതിരുമികൊണ്ട് അടുക്കളയിൽ എത്തി..അച്ഛനെന്തേ?ഞാൻ ചോദിച്ചു.അപ്പോഴേക്കും അച്ഛന്റെ ഉച്ചത്തിലുള്ള വിളി...മല്ലികേ...മല്ലികേ...കുറച്ച് കഞ്ഞിവെള്ളം കൊണ്ട് വാടി...അച്ഛൻ രാവിലെ തന്നെ വാഴ നനക്കുന്നതിനായി ഇറങ്ങിയിട്ടുണ്ടെന്ന് മനസ്സിലായി. കഞ്ഞിവെള്ളം നിറച്ച മൊന്ത കൈയിൽ ഏൽപ്പിച്ചിട്ട് അമ്മ കുടയും ബാഗുമെടുത്ത് ജോലിക്കായി ഇടവഴിയിലേക്കിറങ്ങി.കുറച്ച് സമയം അമ്മെ തന്നെ നോക്കി നിന്നു.അമ്മയുടെ കഷ്ടപ്പാടുകൾ ഓർത്തപ്പോൾ സങ്കടം തോന്നി.ചേച്ചിയുടെ കല്യാണത്തിന്റെ കടങ്ങൾ വീട്ടാനാണ് ഈ ഓട്ടം.. ഓരോന്നോർത്ത് പതിയെ നടന്ന് പറമ്പിലെത്തിയപ്പോൾ അച്ഛൻ നിന്ന് കിതക്കുകയാണ്.ഒറ്റ വലിക്ക് കഞ്ഞിവെള്ളം മോന്തുന്ന അച്ഛന്റെ ഒട്ടിയ കവിളുകളും കുഴിഞ്ഞ കണ്ണുകളും ഞങ്ങളുടെ ദാരിദ്ര്യത്തെ വിളിച്ചോതുന്നുണ്ടായിരുന്നു.എന്നാണ് എന്റെഎന്നാണ് എന്റെ അച്ഛനും അമ്മയ്ക്കും ഒരു സന്തോഷമുണ്ടാകുക.എന്നെയാണ് സർവ പ്രതീക്ഷയും...അവരുടെ സ്വപ്നങ്ങൾ യാഥാർത്ഥമാക്കണം..നല്ല ജോലി നേടണം..എന്റെ മനസ്സിനും ശരീരത്തിനും വല്ലാത്തൊരു ഉണർവ് തോന്നി..സ്കൂളിലേക്ക് പോകാൻ വല്ലാത്ത ആവേശം തോന്നി.. പുതിയ സ്കൂൾ .....പുതിയ കൂട്ടുകാർ ....പുതിയ ടീച്ചർ മാർ...നന്നായി പഠിക്കണം...സ്കൂളിലേക്ക് പോകാനൊരുങ്ങാനായി ഞാൻ തിടുക്കത്തിൽ നടന്നു..



ആദർശ് ഇ.എസ്

Std : IX



# അമ്മ

ആദ്യമായി ഞാൻകണ്ടപുസ്തകപാഠം
എന്നമ്മ
അറിവിന്റെ ജാലകം തുറന്നതെന്നമ്മ
ഇരുളില്തിരിവെട്ടമായി അരികിലെപ്പൊഴും......

പിച്ചവെച്ച ഞാന് ഓടിക്കളിച്ചപ്പോള്
പലവട്ടം വീണു കരഞ്ഞപ്പോഴെല്ലാം
ഒരു വിരല് തുമ്പു തന്നതെന്നമ്മ.
ഒരു നിഴല് പോലെ വന്നതുമെന്നമ്മ.

താരാട്ടു പാട്ടിൻ ഈണമെന്നമ്മ
താങ്ങായി തണലായി
വഴികളിൽ നിഴലായി
എന്നുമെന്നും എൻ സ്വന്തമമ്മ

സേതു ലക്ഷ്മി
S T D IX

# സന്ധ്യ

ശ്രാവണ സന്ധ്യകൾ പൂത്തരാവിൽ
നിറനിലാവിൻ ഉൾകുളിരാൽ
മുറ്റത്തെ തെച്ചിപ്പൂ വിടരുമ്പോൾ
സ്വപ്നത്തിൻ നിശാഗന്ധിയായി
നീ വന്നു .......
മലരണി തോപ്പുകളിൽ
മഞ്ഞിൽ ഈറനടുത്ത്
പൊന്നമ്പിളി ചന്ദ്രിക
വിരുന്നു വന്നു.......

ദേവിക എൻ ബി
S T D X

നന്ദി